## പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

13.06.2012-ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*86

### മെഡിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മെഡിക്കൽ ലാബുകൾക്കും സ്കാനിംഗ് സെന്ററുകൾക്കും ഇപ്പോൾ രജിസ്ട്രേഷൻ സംവിധാനം നിലവിലുണ്ടോ; | എ) | നിലവിലില്ല |
| ബി) | ഇവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ ആരോഗ്യ വകുപ്പിൽ സംവിധാനങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ; | ബി)<br>സി)<br>ഡി) | ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ നിലവിൽ സംവിധാനങ്ങളില്ല. കേരളാ പാരാ മെഡിക്കൽ കൗൺസിൽ ബില്ലിന് നിയമപ്രാബല്യം ലഭിക്കുന്നതോടെ ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അവയിൽ ജോലി ചെയ്യുന്നവർ നിശ്ചിത യോഗ്യതയുള്ളവരാണെന്നും സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾക്ക് നിശ്ചിത ഫീസ് മാത്രമേ ഈടാക്കുന്നുള്ളൂയെന്ന് ഉറപ്പ് വരുത്തുവാനും സാധിക്കും. |
| സി) | പ്രസ്തുത സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ നിശ്ചിത യോഗ്യതകളുള്ളവരാണെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ; | | |
| ഡി) | ഇവയിലൂടെ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്കുള്ള ഫീസുകൾ ഏകീകരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ